©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

വാല്യം 9 Vol. IX	തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday	2020 നവംബർ 10 10th November 2020 1196 തുലാം 25 25th Thulam 1196 1942 കാർത്തികം 19 19th Karthika 1942	നമ്പർ No.	44

PART III

Notifications by Heads of Departments

Commissionerate of Land Revenue

MALAPPURAM DISTRICT

Ernad Taluk

പരസ്യം

നമ്പർ ഇ2-73/2020/TLKERD. 2020 ആഗസ്റ്റ് 14.

ഏറനാട് താലൂക്കിൽ എളങ്കൂർ വില്ലേജിൽ മഠത്തിൽ വീട്ടിൽ മഞ്ഞപ്പറ്റ പി. ഒ., മലപ്പുറം ജില്ലയിൽ താമസിച്ചിരുന്ന ചാരു എന്നയാൾ 21-10-2019-ാം തീയതി മരണപ്പെട്ടിരിക്കുന്നു. ടിയാന്റെ അനന്തരാവകാശികളെ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി ടിയാന്റെ മകൻ അനിൽ എന്നയാൾ ഈ ആഫീസിൽ സമർപ്പിച്ച അപേക്ഷയിൻമേൽ അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരെ അനന്തരാവകാശികളായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു.

ക്രമ നമ്പർ	പേര്	പരേതനുമായുള്ള ബന്ധം	വയസ്
1	ഗിരിജ	ഭാര്യ	61
2	അനിൽ	മകൻ	45

മേൽപ്പറഞ്ഞവരെ ചേർത്ത് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം ഏറനാട് തഹശീൽദാർക്ക് എഴുതി ബോധിപ്പിക്കേണ്ടതാണ്. അവധി കഴിഞ്ഞുവരുന്നതോ തപാലിൽ വരുന്നതോ ആയ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
ഏറനാട്. തഹശീൽദാർ.

തിരുത്തൽ പരസ്യം

റഫ്. ഇ2-13543/2019. 2020 സെപ്റ്റംബർ 23.

21-1-2020-ാം തീയതിയിലെ കേരള ഗസറ്റ് നമ്പർ 3-ൽ (വാല്യം IX, പാർട്ട് III) കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ വിഭാഗത്തിൽ പേജ് നമ്പർ 668-ൽ ക്രമനമ്പർ 15 ആയി പ്രസിദ്ധപ്പെടുത്തിയ ഇ2-13543/2019 നമ്പർ പരസ്യത്തിൽ അപേക്ഷകന്റെ പേര് "ഫാത്തിമ ഫഹ്മിദ, കെ., ചെട്ടിയാർതൊടി, വടക്കുപറമ്പ്" എന്നതിനുപകരം "ഫാത്തിമ ഫഹ്മിത" എന്നും അവകാശികളായി ക്രമപ്പെടുത്തിയതിൽ ക്രമനമ്പർ 1 ആയി ക്രമപ്പെടുത്തിയ "ഫാത്തിം ഫഹ്മിദ" എന്നതിനു പകരം ഫാത്തിമ ഫഹ്മിത എന്നും തിരുത്തി വായിക്കേണ്ടതാണ്.

താലൂക്കാഫീസ്, (ഒപ്പ്)
ഏറനാട്. തഹശീൽദാർ.

Nilambur Taluk

പരസ്യം

(1)

നമ്പർ ബി3-7806/2020. 2020 ഒക്ടോബർ 19.

നിലമ്പൂർ താലൂക്കിൽ അകമ്പാടം വില്ലേജിൽ കുഞ്ഞഹമ്മദ്, തോരപ്പ വീട്, അകമ്പാടം, എരഞ്ഞിമങ്ങാട് പി. ഒ. എന്നയാൾ മരിച്ചുപോയെന്നും വിവിധ ആവശ്യത്തിന് അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ മകൾ കദീജ സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടിയാൻ 2-7-1998-ാം തീയതി മരിച്ചുപോയെന്നും പരേതന്റെ അവകാശികളായി താഴെ പറയുന്ന 7 മാത്രമാണുള്ളതെന്നും പരേതന്റെ മാതാപിതാക്കൾ പരേതന്റെ മരണത്തിന് മുൻപ് തന്നെ മരണപ്പെട്ടിട്ടുണ്ട് എന്നും പരേതന്റെ ആദ്യ ഭാര്യ ചോലയിൽ നഫീസ എന്നവരുമായി വിവാഹ ബന്ധം വേർപെടുത്തിയിട്ടുള്ളതും രണ്ടാം ഭാര്യ ഐഷ എന്നവർ 14-9-2006-ാം തീയതി മരണപ്പെട്ടിട്ടുള്ളതാണെന്നും അറിയുന്നു.

ക്രമ നമ്പർ	പേര്		പരേതനുമായുള്ള ബന്ധം	വയസ്
1	ഫാത്തിമ		മകൾ	62
2	സഫിയ		,,	60
3	കദീജ		,,	58
4	ഉസ്മാൻ		മകൻ	56
5	അഫ്സത്ത്		മകൾ	51
6	സീനത്ത്		,,	42
7	മജീദ്	ആദ്യ ഭാര്യയിലെ	മകൻ	63

മുസ്ലീം പിന്തുടർച്ചാവകാശ നിയമപ്രകാരം മേൽപറഞ്ഞവരാണ് പരേതനായ കുഞ്ഞഹമ്മദ് എന്നയാളുടെ അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം നിലമ്പൂർ തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽ മാർഗ്ഗമായോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ ബി3-7807/2020. 2020 ഒക്ടോബർ 19.

നിലമ്പൂർ താലൂക്കിൽ അകമ്പാടം വില്ലേജിൽ ഐഷ, തോരപ്പ വീട്, അകമ്പാടം, എരഞ്ഞിമങ്ങാട് പി. ഒ. എന്നവർ മരിച്ചുപോയെന്നും വിവിധ ആവശ്യത്തിന് അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതയുടെ മകൾ കദീജ സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടിയാൾ 14-9-2006-ാം തീയതി മരിച്ചുപോയെന്നും പരേതയുടെ അവകാശികളായി താഴെ പറയുന്ന ആറ് പേർ മാത്രമാണുള്ളതെന്നും പരേതയുടെ മാതാപിതാക്കൾ പരേതയുടെ മരണത്തിന് മുൻപ് തന്നെ മരണപ്പെട്ടിട്ടുണ്ട് എന്നും പരേതയുടെ ഭർത്താവ് കുഞ്ഞഹമ്മദ് എന്നയാൾ 2-7-1998-നും മരണപ്പെട്ടിട്ടുണ്ടെന്നും അറിയുന്നു.

ക്രമ നമ്പർ	പേര്	പരേതയുമായുള്ള ബന്ധം	വയസ്
1	ഫാത്തിമ	മകൾ	62
2	സഫിയ	,,	60
3	കദീജ	,,	58
4	ഉസ്മാൻ	മകൻ	56
5	അഫ്സത്ത്	മകൾ	51
6	സീനത്ത്	,,	42

മുസ്ലീം പിന്തുടർച്ചാവകാശ നിയമപ്രകാരം മേൽപറഞ്ഞവരാണ് പരേതയായ ഐഷ എന്നവരുടെ അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം നിലമ്പൂർ തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽ മാർഗ്ഗമായോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
നിലമ്പൂർ. തഹശീൽദാർ.